**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **11-09-2023 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കണ്ടറി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2018-19 ൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 66 സർക്കാർ വി.എച്ച്.എസ്. സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (എൻ.എസ്.ക്യു.എഫ്) അനുസൃതമായ വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചു. 2019-20 ൽ 101 വി.എച്ച്.എസ്.ഇ സ്കൂളുകളിലും, 2020-21 അധ്യയന വർഷം മുതൽ എയ്ഡഡ് വി.എച്ച്.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലേയും വൊക്കേഷണൽ കോഴ്സുകൾ ദേശീയ നിലവാരത്തിലേക്ക് മാറ്റി. ഇപ്പോൾ സംസ്ഥാനത്ത് എല്ലാ വി.എച്ച്.എസ്.ഇ സ്കൂളുകളിലും ആധുനികവൽക്കരിച്ച കോഴ്സുകൾ മാത്രമാണ് നടത്തി വരുന്നത്. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ലാബുകൾ ഉൾപ്പെടെയുള്ളവയുടെ ആധുനികവത്കരണത്തിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വി.എച്ച്.എസ്.ഇ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 7 കോടി രൂപയും ലാബുകളുടെ നവീകരണത്തിന് 1 കോടി രൂപയും 2023-24 വർഷത്തിലെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | വി.എച്ച്.എസ്.ഇ. പഠനം വിജയകരമായി പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിന് സഹായം ഒരുക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വി.എച്ച്.എസ്.ഇ പാസ്സായ വിദ്യാർത്ഥി കൾക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി എല്ലാ വർഷവും ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ജോബ് ഫെയർ (തൊഴിൽ മേളകൾ) നടത്തി വരുന്നു. 2022-23 വർഷത്തിൽ നടത്തിയ ജോബ് ഫെയറിൽ 8513 പേർ പങ്കെടുക്കുകയും 1260 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 385 തൊഴിൽ ദാതാക്കൾ മേളയിൽ പങ്കെടുത്തു. ഇതു കൂടാതെ 389 സ്കൂളുകളിലും തൊഴിലവസരങ്ങൾ പരിചയപ്പെടുത്തുന്ന തിനുവേണ്ടി കരിയർ സെമിനാർ, കരിയർ സ്ലേറ്റ് തുടങ്ങിയ പദ്ധതികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ